# കേരള സർവകലാശാല

നം. പി.ആർ.067/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി മൂല്യനിർണ്ണയ ക്യാമ്പ്

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ/ബി.എസ്സി /ബി.കോം (കരിയർ റിലേറ്റഡ്) റഗുലർ & സപ്ലിമെന്ററി പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകൾ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ഗവ. സംസ്കൃത കോളേജ്, കൊല്ലം എസ്.എൻ കോളേജ്, പന്തളം എൻ.എസ്.എസ് കോളേജ്, ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജ് എന്നിവിടങ്ങളിൽ മേയ് ആറ് (ബി.എ/ബി.കോം), മേയ് ഒമ്പത് (ബി.എസ്സി/ കരിയർ റിലേറ്റഡ് കോഴ്സുകൾ) തീയതികളിൽ തുടങ്ങും. ബന്ധപ്പെട്ട അദ്ധ്യാപകർ അതത് കേന്ദ്രങ്ങളിൽ ഹാജരാകണം.

### അറബിക് ശിൽപശാല

കേരള സർവകലാശാല കാര്യവട്ടം അറബിക് പഠനവിഭാഗം നടത്തിവരുന്ന 'സ്കോളർ ഇൻ റെസിഡൻസ്' എന്ന പരിപാടിയുടെ ഭാഗമായി സൗദിയിലെ റാബിത്തത്തുൽ ആലമിൽ ഇസ്ലാമിയുമായി സഹകരിച്ച് മേയ് ഏഴ് മുതൽ 17 വരെ ശിൽപശാല നടത്തും. മേയ് 12, 13 തീയതികളിൽ സ്കൂൾ, മദ്രസ അദ്ധ്യാപകപർക്കും അറബി ഗവേഷണക വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. ഫോൺ. 9747318105.

### ടി.വി ന്യൂസ് റീഡിംഗ് ആൻഡ് കോംപിയറിംഗ് ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ഏപ്രിലിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് റീഡിംഗ് ആൻഡ് കോംപിയറിംഗ് പരീക്ഷയുടെ ഫലം പി.എം.ജി ജംഗ്ഷനിലെ തുടർവിദ്യാഭ്യാസ വിഭാഗത്തിൽ പ്രസിദ്ധീകരിച്ചു. അഗസ്റ്റിൻ ജെ (രജി.നം 10299) ഒന്നാം റാങ്ക് നേടി. വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് ഹാജരാക്കി മാർക്ക്ലിസ്റ്റ് കൈപ്പറ്റണം.

### എം.എ.എച്ച്.ആർ.എം, എം.എസ്.ഡബ്ലിയു (2016–17) : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല ശ്രീകാര്യം ലയോള കോളേജ് ഫോർ സോഷ്യൽ സയൻസസിൽ നടത്തുന്ന എം.എ.എച്ച്.ആർ.എം, എം.എസ്.ഡബ്ലിയു കോഴ്സുകളുടെ (2016–17) പ്രവേശനപ്പരീക്ഷയ്ക്കുള്ള അപേക്ഷകൾ മേയ് രണ്ട് മുതൽ ജൂൺ നാല് വരെ സ്വീകരിക്കും. പ്രവേശനപ്പരീക്ഷ ജൂൺ 15–ന് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
02.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in